# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1461** **06.03.2018-ൽ** മറുപടിക്ക്

## <u>കോട്ടയ്ക്കൽ കുഞ്ഞാലി മരയ്ക്കാർ സ്മാരക മ്യൂസിയത്തിന്റെ വികസനം</u>

**<u>ചോദ്യം</u>**
ശ്രീ. കെ.ദാസൻ

**<u>ഉത്തരം</u>**
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചരിത്ര പ്രാധാന്യമുള്ളതും പൈതൃക മായി നിലനിൽക്കുന്നതുമായ സ്ഥാപന ങ്ങൾ/വസ്തുക്കൾ സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനും ആവിഷ്കരിച്ച് നടപ്പി ലാക്കിയ പദ്ധതികൾ വിശദമാക്കാമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വകുപ്പ് നടപ്പാക്കിയിട്ടുള്ള പ്രാധാനപ്പെട്ട പദ്ധതികൾ ചുവടെ പറയുന്നു.<br>1. പയ്യന്നൂർ പോലീസ് സ്റ്റേഷൻ, വാഴവേലിൽ തറവാട് എന്നിവയുടെ സംരക്ഷണപ്പണികളും, കിളിമാനൂർ കൊട്ടാരം, കണ്ണൂർ കണ്ടോന്താർ ട്രാൻസിറ്റ് ജയിൽ എന്നിവകളുടെ സംരക്ഷണ പ്പണികളും ചെയ്തിട്ടുണ്ട്.<br>2.വകുപ്പിന്റെ നാണയ ശേഖരത്തിന്റെ ശാസ്ത്രീയ പഠനത്തിനും ഡോക്യുമെന്റേഷനുമുള്ള പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്.<br>3. പുരാവസ്തു മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br>4. പുരാവസ്തു വകുപ്പിന്റെ സമഗ്രമായ വികസനത്തിനായി ഒരു വിദഗ്ധ സമിതി രൂപീകരിച്ച് നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | കോഴിക്കോട് ജില്ലയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത്; കോട്ടയ്ക്കൽ കുഞ്ഞാലിമരക്കാർ സ്മാരക മ്യൂസിയത്തിന്റെ വികസനത്തിനായി സർക്കാരിൽ സമർപ്പിച്ച പദ്ധതിയിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | കോഴിക്കോട് ജില്ലയിലെ പഴശ്ശിരാജാ മ്യൂസിയ ത്തിലെ സംരക്ഷണപ്പണികൾ, കൽപ്പത്തൂർ പരദേവതാ ക്ഷേത്രത്തിലെ സംരക്ഷണ പ്പണികൾ എന്നിവ നടത്തിയിട്ടുണ്ട്. കൂടാതെ കുഞ്ഞാലിമരക്കാർ സ്മാരക മ്യൂസിയത്തിലെ സംരക്ഷണപ്പണികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. വിയ്യൂർ, പന്തലായിനി കൊല്ലം, പൂവമ്പായി ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ട് എന്നിവിടങ്ങളിൽ എസ്കവേഷൻ നടത്തിയിട്ടുണ്ട്. കുഞ്ഞാലി മരക്കാർ |

| | | | |
|---|---|---|---|
| | | | സ്മാരകത്തിന്റെ വികസനം സംബന്ധിച്ച് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൻമേൽ പയ്യോളി നഗരസഭ അധികാരികളുമായി വകുപ്പദ്ധ്യക്ഷൻ പ്രാഥമിക ചർച്ച നടത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കി ഉചിതമായ തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ടൂറിസം വകുപ്പുമായി ചേർന്ന് നടപ്പിലാക്കാൻ കഴിയുന്ന മാരിടൈം ടൂറിസം പദ്ധതിയിൻ മേൽ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ ? | (സി) | മാരിടൈം ടൂറിസത്തിന്റെ സാധ്യതകൾ ടൂറിസം വകുപ്പുമായി ചർച്ച ചെയ്ത് ഉചിതമായ തുടർ നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**